©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2021 ഒക്ടോബർ 04<br>04th October 2021<br>1197 കന്നി 18<br>18th Kanni 1197<br>1943 ആശ്വിനം 12<br>12th Aswina 1943 | നമ്പർ<br>No. | 2891 |


### വടക്കാഞ്ചേരി നഗരസഭ കാര്യാലയം

### വിജ്ഞാപനം

PW1-13768/19 10 /09/2021.

2016 – ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റ് (2016 ലെ 9) 36 ആം വകുപ്പിന്റെ 4-ആം ഉപവകുപ്പ്പ്രകാരം കരട് വടക്കാഞ്ചേരി മാസ്റ്റർ പ്ലാൻപ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

(തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 28-06-2021- ലെ സ.ഉ (കൈ) നമ്പർ 119/2021/തസ്വഭവ ഉത്തരവ്പ്രകാരം, വടക്കാഞ്ചേരി നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരണത്തിന് അനുമതി ലഭ്യമായിട്ടുള്ളതാണ്.)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താഴെ പറയുന്ന അതിരുകളോടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർപ്ലാൻ വടക്കാഞ്ചേരി മുനിസിപ്പൽ കൌൺസിൽ തയ്യാറാക്കിയത്, വടക്കാഞ്ചേരി മുനിസിപ്പൽ കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റായ https://wadakancherymunicipality.lsgkerala.gov.in/ -ൽ 2016-ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9) 36-ആം വകുപ്പ് 4-ആം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : എരുമപ്പെട്ടി , മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത്
കിഴക്ക് : മുള്ളൂർക്കര, തെക്കുംകര ഗ്രാമ പഞ്ചായത്ത്
തെക്ക് : തെക്കുംകര, മുളങ്കുന്നത്തുകാവ്, അവണൂർ ഗ്രാമ പഞ്ചായത്ത്
പടിഞ്ഞാറ്: അവണൂർ, വേലൂർ ഗ്രാമപഞ്ചായത്ത്

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി വടക്കാഞ്ചേരി മുനിസിപ്പൽ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താൽപര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും, പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ 60 ദിവസത്തിനകം വടക്കാഞ്ചേരി മുനിസിപ്പൽ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016 – ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 61 ആം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃത മല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ, വിനിയോഗിക്കുവാൻ ഇടയാക്കുകയോ, ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

ഈ വിജ്ഞാപനത്താല് 2021 സെപ്റ്റംബർ 17-ലെ 2721-ാം നമ്പറായ കേരളാ ഗസറ്റ് വിജ്ഞാപനം റദ്ദ് ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്.

സെക്രട്ടറി,
വടക്കാഞ്ചേരി നഗരസഭ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.10.04 07:15:09 +05:30